# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2403 — 18.07.2011-ലെ മറുപടിക്ക്

**വിജിലൻസ് അന്വേഷണം മരവിപ്പിക്കാനിടയായ സാഹചര്യം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കോവൂർ കുഞ്ഞുമോൻ** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)** |
| എ) തിരുവനന്തപുരം സർവ്വീസ് സഹകരണ സംഘം ടി 131-ൽ വിതരണം ചെയ്തുവരുന്ന ചെറുകിട വ്യാപാരി വ്യവസായി വായ്പ കളിലെ അഴിമതിയും തിരിമറിയുമായി ബന്ധപ്പെട്ട് മുൻ സർക്കാർ വിജിലൻസിനു വിട്ട അന്വേഷണം ഇപ്പോൾ മരവിപ്പി ച്ചിട്ടുണ്ടോ; | എ) തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്ക് റ്റി.131, വിതരണം ചെയ്തുവരുന്ന ചെറുകിട വ്യാപാരി വ്യവസായി വായ്പകളിലെ അഴിമതിയും തിരിമറിയുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് മുൻ സർക്കാർ വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയിരുന്നില്ല. |
| ബി) എങ്കിൽ ബിനാമി ലോണുകൾ നൽകി കോടി ക്കണക്കിനു രൂപ സംഘം ഫണ്ടിൽ നിന്ന് തിരിമറി നടത്തിയതിനെക്കുറിച്ചുള്ള പ്രസ്തുത അന്വേഷണം മരവിപ്പിക്കാനിടയായ സാഹചര്യ മെന്താണ്; | ബി) ബാധകമല്ല. |
| സി) അധികാര ദുർവിനിയോഗവും സംഘം ഫണ്ടിൽ നിന്ന് കുറ്റകരമായ രീതിയിൽ പണാപഹരണവും നടത്തിയവർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ കാലതാമസം വരുത്തുന്ന തെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ? | സി) ടി ബാങ്കിൽ അധികാര ദുർവിനിയോഗവും സംഘം ഫണ്ടിൽ നിന്നും കുറ്റകരമായ രീതിയിൽ പണാപഹരണം നടത്തിയത് ആരോപിച്ച് ലഭിച്ച വിവിധ പരാതികളിന്മേൽ സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം പരിശോധനയിൽ ആരോപണങ്ങളിൽ കഴമ്പുള്ളതായി ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് ടി സംഘത്തിൽ നിന്ന് നൽകിയ എസ്.ഡി.എൽ. വായ്പകളിൽ കുടിശ്ശിക തുകകൾ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം ടി വിഷയത്തിൽ ഒരു പരിശോധന കൂടി നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജോയിന്റ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Rajendran

**സെക്ഷൻ ഓഫീസർ**